(എ) ഹോസ്ദുർഗ്ഗ് നിയോജകമണ്ഡലത്തിലെ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിന് സർക്കാർ എന്തെല്ലാം നടപടികൾ കൈക്കൊള്ളാൻ ഉദ്ദേശിക്കുന്നു എന്ന് വ്യക്തമാക്കുമോ;

(ബി) ഇതിനുവേണ്ടി ഏതെങ്കിലും പുതിയ പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ അവ ഏതെല്ലാം;

(സി) അനുമതിക്കായി പദ്ധതി റിപ്പോർട്ട് തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ അവ ഏതെല്ലാം?

ഉത്തരം

(എ) ഹോസ്ദുർഗ്ഗ് നിയോജകമണ്ഡലത്തിൽ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിന് താഴെ പറയുന്ന പദ്ധതികൾ നടപ്പിലാക്കിവരുന്നു:

1. നീലേശ്വരം പഞ്ചായത്തിലെ കരുവാഞ്ചേരി ശുദ്ധജല വിതരണ പദ്ധതി.

2. പനത്തടി പഞ്ചായത്തിലെ പെരുമ്പള്ളി ശുദ്ധജല വിതരണ പദ്ധതി.

(ബി) താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കാൻ അനുമതി നൽകിയിട്ടുണ്ട്;

1) നീലേശ്വരം പഞ്ചായത്തിൽ നെടുങ്കണ്ട ശുദ്ധജല വിതരണ പദ്ധതി.

2) മാലോത്ത്, ബളാൽ വില്ലേജുകൾക്കുവേണ്ടിയുള്ള ത്വരിതഗ്രാമീണ ശുദ്ധജല വിതരണ പദ്ധതി.

3) കിനാനൂർ, കരിന്തളം പഞ്ചായത്തിൽ വാർഡ് അഞ്ചിലേക്കുള്ള ശുദ്ധജല വിതരണ പദ്ധതി.

4) കാഞ്ഞങ്ങാട് മുനിസിപ്പാലിറ്റി ശുദ്ധജല വിതരണ പദ്ധതി മെച്ചപ്പെടുത്തൽ - പുതിയ കിണർ നിർമ്മിക്കൽ.

(സി) ഇല്ല. റിപ്പോർട്ട് തയ്യാറാക്കാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

70 (1176) ഇരിണാവ് ഡാം റിപ്പയർ ചെയ്യാൻ നടപടി

ശ്രീ. ടി.കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ അഴിക്കോട് നിയോജകമണ്ഡലത്തിൽപ്പെട്ട ഇരിണാവ് ഡാം റിപ്പയർ ചെയ്യുവാൻ സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇതുവരെ സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഇരിണാവ് റഗുലേറ്റർ റിപ്പയർ ചെയ്യുവാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

(ബി) റഗുലേറ്റർ റിപ്പയർ ചെയ്യാനായി 3,10,000 രൂപയുടെ എസ്റ്റിമേറ്റ് അംഗീകരിച്ച് ടെണ്ടർ വിളിക്കുകയും പ്രവൃത്തി തുടങ്ങുകയും ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly